**Kudumbashree**
*State Poverty Eradication Mission*
Local Self Govt.Department, Govt.of Kerala

2560/എൻ/2016/കെ എസ് എച്ച്.ഒ. 11..05..2016

**പ്രേഷകൻ**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ/
മെമ്പർ സെക്രട്ടറി
അർബൻ ഹൗസിംഗ് മിഷൻ

**ഗ്രാഹകൻ**

1. കോർപ്പറേഷൻ മേയർമാർ/ നഗരസഭാ ചെയർമാന്മാർ
2. കോർപ്പറേഷൻ സെക്രട്ടറി / നഗരസഭാ സെക്രട്ടറി

സർ,

വിഷയം:- UHM - PMAY – ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം നടത്തിപ്പ് – സംബന്ധിച്ച്.

സൂചന:- 1. 2560/എൻ/2016/കെഎസ്എച്ച്ഒ തീയതി 12/4/2016 സിഎൽഎസ്എസ് സർക്കുലർ
2. 03.05.16 ൽ തിരുവനന്തപുരത്ത് വച്ചുനടന്ന ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം ശില്പശാല.

'എല്ലാവർക്കും ഭവനം' (പിഎംഎവൈ) പദ്ധതിയിൽ നഗരസഭ നേരിട്ട് നടപ്പിലാക്കാത്ത ഒരു ഘടകമാണ് സിഎൽഎസ്എസ്. പ്രസ്തുത പദ്ധതി ബാങ്കുകൾ വഴി കേന്ദ്ര സർക്കാർ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ്. എന്നിരുന്നാലും ഗുണഭോക്താക്കളെ കണ്ടെത്തുന്നതുൾപ്പെടെ, ധാരളം കാര്യങ്ങൾ പ്രസ്തുത ഘടകത്തിലും നഗരസഭ ചെയ്യേണ്ടതുണ്ട്. ടി വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി സുചന (2) പ്രകാരം ഒരു ശിൽപശാല സംഘടിപ്പിക്കുകയും ശിൽപശാലയിൽ സിഎൽഎസ്എസ് നെ സംബന്ധിച്ച് നഗരസഭാ തലത്തിൽ സ്വീകരിക്കേണ്ട വിവിധ വിഷയങ്ങൾക്ക് ഐക്യരൂപം നൽകുകയും ചെയ്തു. ശില്പശാലയിൽ തീരുമാനിച്ച പ്രകാരം നഗരസഭാ തലത്തിൽ ക്രെഡിറ്റ് ലിങ്ക്ഡ്

സബ്സിഡി സ്കീമിന്റെ സുഗമമായ നടത്തിപ്പിനായി താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. നഗരസഭാതലത്തിൽ ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റി പ്രതിനിധിയെയും കൂടി പങ്കെടുപ്പിച്ചുകൊണ്ട് സ്പെഷ്യൽ കൗൺസിൽ വിളിച്ച് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിനെ കുറിച്ച് വിശദീകരിക്കുകയും സുഗമമായ നടത്തിപ്പിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

ii. പിഎംഎവൈ പദ്ധതിയിൽ വരുന്ന ഗുണഭോക്താക്കളിൽ ആർക്കെങ്കിലും ആധാർ കാർഡ് ഇല്ലാത്തപക്ഷം, അത്തരം ഗുണഭോക്താക്കളെ പങ്കെടുപ്പിച്ച് ജില്ലാഭരണകൂടവുമായി ചേർന്ന് ആധാർ രജിസ്ട്രേഷനുള്ള പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ച് ആധാർ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

iii. സെൻട്രൽ നോഡൽ ഏജൻസികളായ ഹഡ്കോ, നാഷണൽ ഹൗസിംഗ് ബാങ്ക് എന്നിവരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും നഗരസഭാ പരിധിയിലുള്ളതുമായ ബാങ്കുകളുടെ യോഗം നഗരസഭാതലത്തിൽ വിളിച്ചുചേർത്ത് പദ്ധതി നടത്തിപ്പ് സുഗമമാക്കുക.

iv. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിനെ കുറിച്ച് ഗുണഭോക്താക്കളിൽ അവബോധം ഉണ്ടാക്കുന്നതിനായി നഗരസഭാ തലത്തിൽ ഗുണഭോക്താക്കളുടെ യോഗം വിളിച്ചുചേർത്ത് പദ്ധതി വിശദീകരണം നടത്തുക.

v. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം ഘടകത്തിൽ ഭവനനിർമ്മാണത്തോടൊപ്പം തന്നെ ഭവന പുനരുദ്ധാരണവും നടത്താവുന്നതാണ്. ആയതിനാൽ ഭവന വിപുലീകരണത്തിനു പുറമെ, ഭവന പുനരുദ്ധാരണത്തിന് ധനസഹായം ലഭിക്കുമെന്നതിനാൽ ഡിമാൻഡ് സർവ്വേ വഴികണ്ടെത്തിയ ഗുണഭോക്താക്കൾക്ക് പുറമേ പുതിയതായി ഗുണഭോക്താക്കളെ കണ്ടെത്താവുന്നതും (സർവ്വേ പൂർത്തിയാക്കിയ സ്ഥലങ്ങളിൽ മാത്രം) അത്തരക്കാർക്ക് നഗരസഭാ സൂചന (1) പ്രകാരം നൽകുന്ന എൻഒസി നൽകേണ്ടതുമാണ്. ഇവരുടെ പട്ടിക നഗരസഭ പ്രത്യേകം തയ്യാറാക്കേണ്ടതാണ്.

vi. ഗുണഭോക്താവിന് എസ്റ്റിമേറ്റിനനുസൃതമായി ബാങ്ക് മുഖാന്തരം 6 ലക്ഷത്തിൽ കൂടുതൽ വായ്പ ലഭ്യമാകുമെങ്കിലും 6 ലക്ഷം വരെയുള്ള വായ്പാ

തുകയ്ക്കു മാത്രമേ പദ്ധതി പ്രകാരമുള്ള പലിശ സബ്സിഡി ലഭ്യമാകുകയുള്ളൂ.

സിഎൽഎസ്എസ് പ്രകാരം പരമാവധി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം വാങ്ങി നൽകുകയെന്നത് നഗരസഭയുടെ ഉത്തരവാദിത്വമായതിനാൽ, പ്രസ്തുത പദ്ധതിക്ക് കാര്യമായ പ്രചരണം നൽകി, പദ്ധതികാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നഗരസഭകൾ മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
**(ഒപ്പ്)**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മെമ്പർ സെക്രട്ടറി
അർബൻ ഹൗസിംഗ് മിഷൻ

To

1. കോർപ്പറേഷൻ മേയർമാർ /നഗരസഭ ചെയർമാൻമാർ
2. കോർപ്പറേഷൻ സെക്രട്ടറി/നഗരസഭ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ (ഉപരിപത്രം സഹിതം)

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (അർബൻ)